(b) There might have been some temporary delay. But it is not usual.

Tree-taping in each Taluk—particulars regarding.

നമ്പർ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് ദയവായി മറുപടി പറയുമോ:—

(എ) പുളിങ്കള്ള്, ചെത്തുന്ന തെങ്ങു, ഈറമ്പന, കരിമ്പന ഇവ ഓരോ ഇനത്തിലും ഓരോ താലൂക്കിൽ എത്രവീതം ഉണ്ട്;

(ബ) ഓരോ താലൂക്കിൽ എത്ര ചെത്തുകാർ വീതം ഉണ്ട്;

(സ) ചെത്തു വൃക്ഷങ്ങൾക്ക് മുദ്രവെച്ചു കഴിയുന്നതിന് എത്ര മാസം വേണ്ടിവരും;

(ദ) ഷാപ്പുകളിൽ വില്ക്കുന്ന കള്ളിന്റെ വില ഗവമ്മെണ്ടിൽ നിന്നും നിയന്ത്രിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ,

(ഇ) ഓരോ കൂപ്പി തെങ്ങിൻകള്ളിനും ഈറമ്പനക്കള്ളിനും കരിമ്പന കള്ളിനും ഓരോ താലൂക്കിലെ വില നിരക്ക് എന്ത്;

(ന്യ) ചെത്തുകാർ ഷാപ്പുടമസ്ഥന്മാക്ക് ഒരു തെങ്ങിനും ഒരു ഈറമ്പനക്കും ഒരു കരിമ്പനക്കും എത്ര കള്ള് വീതമാണ് അളക്കേണ്ടത് എന്ന ഗവമ്മെൻറ് നിയന്ത്രിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ,

(ഒ) എത്ര കള്ള് വീതമാണ് ഓരോ താലൂക്കിലും ചെത്തുകാർ അളക്കേണ്ടത്;

(വ) ഷാപ്പുടമസ്ഥന്മാക്ക് ചെത്തുകാർ അളക്കുന്ന കള്ളിന്റെ വിലനിരക്ക് ഗവമ്മെണ്ട് നിയന്ത്രിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ,

(ൻ) ഓരോ താലൂക്കിലും അതിന്റെ വിലനിരക്കെന്ത്;

(ഏ൦) ചെത്തുകാരിൽനിന്നും ഷാപ്പുടമസ്ഥന്മാർ കള്ള് അളവെടുക്കുന്നതിന് ഉപയോഗിക്കുന്ന പാത്രത്തിന് മുദ്രയുണ്ടോ എന്ന ഗവമ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Officiating Commissioner of Excise)*.—

(എ) ഈ കൊല്ലത്തിൽ തുലാമാസാവസാനംവരെയുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:—

LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക്.	തെങ്ങ്.	ഈറമ്പന.	കരിമ്പന.
കൊച്ചി കണയന്നൂർ	൧൨,൦൩൬	൧൯൩	. .
കൊടുങ്ങല്ലൂർ	൪൬൯	. .	. .
മുകുന്ദപുരം	൩,൪൭൪	൧൩൩	. .
തൃശ്ശിവപേരൂർ	൬,൩൯൮൨	൧൦൨	. .
തലപ്പിള്ളി	൩൬൨	൧൨൪	൧,൪൨൩
ചിറവൂർ	൪൩൨	. .	൨,൦൧൯

(൨) ഓരോ താലൂക്കിലും ഇപ്പോൾ അനുവദിച്ചിരിക്കുന്ന ചെത്തു ലൈസൻസ്സുകൾ താഴെ കാണുംപ്രകാരമാണ്. ലൈസൻസ്സ് ഒന്നിന്ന ഒരു ചെത്തുകാരൻ വീതമുണ്ടെന്നു അനുമാനിക്കാവുന്നതാണ്.

കൊച്ചി കണയന്നൂർ	൭൪൪
കൊടുങ്ങല്ലൂർ	൩൩
മുകുന്ദപുരം	൩൭൦
തൃശ്ശിവപേരൂർ	൧൪൪
തലപ്പള്ളി	൨൧൦
ചിറവൂർ	൨൭൩

(൩) നിയമപ്രകാരം വൃക്ഷനികുതി അടച്ചതിന്നുള്ള ചലാൻ സഹിതം വൃക്ഷങ്ങൾക്കുള്ള ടി. ടി. അപേക്ഷ മാക്കുചെയ്യുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്ന കിട്ടിയാൽ പത്തു ദിവസത്തിന്നകം ടി അപേക്ഷപ്രകാരമുള്ള വൃക്ഷങ്ങൾ മുദ്രവെച്ചു കൊടുക്കണമെന്നാണ് നിശ്ചയം.

(൪) ഇല്ലാ, എന്നാൽ ബ്രിട്ടീഷ്, തിരുവിതാംകൂർ എന്നീ രാജ്യങ്ങളുടെ അതൃത്തികൾക്കടുത്തുള്ള കൊച്ചിയിലെ ഷാപ്പുകളിൽ അവയുടെ സമീപത്തുള്ള ബ്രിട്ടീഷ്, തിരുവിതാംകൂർ ഷാപ്പുകളിൽ വില്ക്കപ്പെടുന്ന കള്ളിന്റെ വിലയിൽ കുറവായി വില്ക്കുവാൻ പാടില്ലെന്ന നിബന്ധനയുണ്ട്. ഈ വില എന്തെന്നു ഇടക്കിടക്കു സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുമുണ്ട്.

(൫) മേൽവിവരിച്ചപ്രകാരമല്ലാതെ വിലയുടെ കാര്യത്തിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലാ. ഓരോതരം വൃക്ഷങ്ങളിൽനിന്നു കിട്ടുന്ന കള്ളിന്നു വേറെ വേറെ വില നിശ്ചയിക്കാറില്ല.

(൬) ഇല്ലാ. എന്നാൽ സാധാരണയായി ഒരു തെങ്ങിൽനിന്നു രണ്ടു കൂപ്പിയും, ഒരു ഈറമ്പനയിൽനിന്നു ഒമ്പതു കൂപ്പിയും ഒരു കരിമ്പനയിൽനിന്നു ആറു കൂപ്പിയും വീതം കള്ളു കിട്ടുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു. ഈ നിരക്കുപ്രകാരം സകല വൃക്ഷങ്ങളിൽനി

LIBRARY ARCHIVES Kerala Legislative Assembly

ന്നും ഒരുപോലെ കിട്ടുന്നതല്ല. കാലദേശാവസ്ഥയെ അനുസരിച്ചും വൃക്ഷത്തിന്റെ നന്മതിന്മപോലെയും കള്ളു കൂടിയും കുറഞ്ഞും ഇരിക്കും.

(ഭ) മേൽവിവരിച്ച സംഗതികളാൽ ക്ലിപ്തമായ അളവ് ഇന്നതെന്നു പറവാൻ നിവൃത്തിയില്ലാ. ചെത്തി കിട്ടുന്ന കള്ളു് മുഴുവനും ചെത്തുകാർ ഷാപ്പിൽ അളക്കണം.

(വ) ഇല്ല.

(ൻ) ഉത്തരം ആവശ്യമില്ല.

(ഹം) ഇല്ലാ. എന്നാൽ കള്ളു ഷാപ്പുകളിൽ വ്യ ഡ്റാം കൊള്ളുന്ന വെള്ളത്ത മുഴുവൻ വിസ്കിക്കുപ്പികം അളവുപാത്രങ്ങളായി ഉപയോഗിക്കണമെന്നാണു് നിശ്ചയം ചെയ്തിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മൂന്നാമത്തെ ചോദ്യത്തിൽ പറഞ്ഞിട്ടുള്ള മറുപടിപ്രകാരം ചെയ്തുകൊടുക്കാറുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Officiating Commissioner of Excise)*.— മിക്ക സംഗതികളിലും കഴിയുന്നിടത്തോളം അങ്ങനെ ചെയ്തുകൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മദ്യവർജ്ജനത്തിനകമായി ഒരു ചെത്തുകാരനെ പിടിച്ചാൽ അയാൾ ഒരു ഫെൻറർ ആയിത്തീരുകയില്ലേ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Officiating Commissioner of Excise)*.— ആയിത്തീരുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതിനുമുമ്പു് മദ്യവച്ചു കൊടുത്തുകൂടാ എന്നുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Officiating Commissioner of Excise)*.— മുമ്പും മദ്യവച്ചു കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മദ്യവച്ചു കഴിയുന്നതിനകമായി ചെത്തുകാരനെ പിടിച്ചാൽ അയാൾ ഫെൻറർ ആകുമെങ്കിൽ പിന്നെ അയാൾക്കു് ചക്കര ചെത്തിനു ലൈസൻസു അനുവദിക്കാറുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Officiating Commissioner of Excise)*.— ഫെണ്ടർ ആകുമെങ്കിൽ അനുവദിക്കാറില്ല. അതു കൂടാതെ കഴിയുന്നതും വേഗത്തിൽ മദ്യവച്ചു കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—ഷാപ്പുകാർ

LIBRARY ARCHIVES Kerala Legislative Assembly

പണമടച്ചു് മദ്യവക്കുന്നതിനുമുമ്പു് ചെത്താൻ ഗവമ്മെൻറു് അനുവദിക്കാറുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജു് (*Officiating Commissioner of Excise*).— എനിക്കു നിശ്ചയമില്ല.

മിസ്റ്റർ പി. രാമൻമേനോൻ (*Mulakunnathukavu*).— അതു് പഴയ ചെത്തുകാരോടു ചോദിക്കണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ (*Ezhuvas North.*).— ബ്രിട്ടിഷു്, തിരുവിതാംകൂർ എന്നീ രാജ്യങ്ങളുടെ അതൃത്തികൾക്കടുത്തുള്ള കൊച്ചിയിലെ ഷാപ്പുകളിൽ മദ്യത്തിൻെറ വില ഗവമ്മെൻറു നിശ്ചയിക്കാറുണ്ടെന്നു പറയുന്നു, എന്നാൽ ഇന്നവിലക്കു കൊടുക്കണമെന്നു ഗവമ്മെൻറു നിശ്ചയിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജു് (*Officiating Commissioner of Excise*).—കുടിക്കുവാൻ വരുന്നവർ കൊടുക്കുന്ന വിലയെപ്പറ്റിയാണോ ചോദിക്കുന്നതു്?

Mr. President.— I think the best thing will be that the Hon'ble Member gives the benefits of his ripe experience to the Hon'ble Mem-ber for Excise. (Laughter).

മിസ്റ്റർ കെ. എസ്സു്. പണിക്കർ (*Ezhuvas North*).— ഇന്നവിലകൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ എന്നാണു ചോദിക്കുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ (*Ezhuvas North*).— ഷാപ്പുടമസ്ഥന്മാർ ചെത്തുകാരിൽനിന്നും കള്ളു് അളവെടുക്കുന്ന പാത്രത്തിനു് മുദ്രവേണമെന്നു നിർബന്ധിക്കാൻ ഗവമ്മെൻറിനു ദയവുണ്ടാകുമോ?

മിസ്റ്റർ പി. ജെ. ജോർജ്ജു് (*Officiating Commissioner of Excise*).— അതു കാര്യം ആലോചിക്കാം. വിസ്മൃതിയിലാണു ഇപ്പോൾ ഉപയോഗിച്ചുവരുന്നതു്.

Mr. President.—The Hon'ble Member for Excise can take some lessons from him.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— ഈ വില തീച്ചയാക്കുന്നതാരാണു്?

മിസ്റ്റർ പി. ജെ. ജോർജ്ജു് (*Officiating Commissioner of Excise*).— ബ്രിട്ടീഷിലും തിരുവിതാംകൂറിലുംനിന്നു് എഴുതിയയക്കുന്നതനുസരിച്ചു ഇവിടെയും ചെയ്യും.

സർവ്വ. മിസ്റ്റർ കെ. എസ്സു്. പണിക്കർ (*Ezhuvas North*).— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറു് സദയം മറുപടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly

(ഥ) കൊച്ചീ രാജ്യത്തു ചക്കരക്കള്ളു് എടുക്കുന്നതെങ്ങു്, ഈറമ്പന, കരിമ്പന ഇവ ഓരോ ഇനത്തിൽ ഓരോ താലൂക്കിൽ ഈ കൊല്ലം ആകെ എത്രവീതം ഉണ്ടു്;

(ഫ) കഴിഞ്ഞ കൊല്ലം എത്രവീതം ഉണ്ടായിരുന്നു;

(ന) ഓരോ താലൂക്കിൽ ഇപ്പോൾ ആകെ എത്ര ചക്കര ലൈസൻസ്സുകാരുണ്ടു്;

(ര) കഴിഞ്ഞ കൊല്ലം എത്ര ലൈസൻസ്സുകാരുണ്ടായിരുന്നു;

(ള) ഈ കൊല്ലത്തേക്കു ചക്കര ലൈസൻസിനു ഓരോ താലൂക്കിൽനിന്നും റെയിഞ്ചിൽനിന്നും എത്ര അപേക്ഷകൾവീതം ഇതുവരെ ഗവമ്മെണ്ടിലേക്കു കിട്ടീട്ടുണ്ടു്;

(ഴ) അവരിൽ എത്ര അപേക്ഷക്കാർക്കു ഓരോ റെയിഞ്ചിലും അനുവദിച്ചു കൊടുത്തിട്ടുണ്ടു്;

(ഷ) അവരിൽ എത്ര പുതിയ ലൈസൻസികളുണ്ടു്;

(സ) അപേക്ഷക്കാരിൽ ലൈസൻസ്സു് അനുവദിച്ചു കൊടുക്കാത്തവർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടു്;

(ഹ) അവരുടെ ഒരു റെഞ്ചു് വാർ സ്റ്റോറുമെണ്ടു് മേശപ്പുറത്തു വെക്കാമോ;

(ഺ) ചക്കരചെത്തു ലൈസൻസ്സിനു അപേക്ഷകർ ഫില്ലുചെയ്തു കൊടുക്കേണ്ടുന്ന ഫോറത്തിനു വല്ല വിലയും ഗവമ്മെണ്ടു നിയന്ത്രിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ,

(ഺഥ) വടക്കെ സക്കിൾ ആഫീസ്സിലെ വിലനിരക്കെന്തു്;

(ഺഫ) പുതിയ ചക്കര പാസ്സുകൾ കൊടുക്കുന്നതു കഴിയുന്നതും ചുരുക്കണമെന്നു ഗവമ്മെണ്ടിനു ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ,

(ഺന) അതിന്റെ കാരണം പറയാമോ?

മിസ്റ്റർ പി. ജെ. ജോർജ്ജു് (*Officiating Commissioner of Excise*).—

താലൂക്കു്.	തെങ്ങു്.	ഈറമ്പന.	കരിമ്പന.
(ഥ) കൊച്ചി കണയന്നൂർ	ഥ,൨൯൯	ഥ൭൯	...
കൊടുങ്ങല്ലൂർ	൯,൨൭൯	...	...
മുകുന്ദപുരം	ഥര൦	൭൭	...
തൃശ്ശിവപേരൂർ	ഥ,൦൭൬	൨;ഥ൭൭	ഥഥ
തലപ്പിള്ളി	ര൯൯	൯,൭൨ഥ	ഥ,ര൯൭
ചിറ്റൂർ	...	...	൯,ര൯൨

LIBRARY ARCHIVES Kerala Legislative Assembly

(ഛ)	കൊച്ചി കണയന്നൂർ	ൿ,൭൦ഛ	ഛൻൻ	...
	കൊട്ടങ്ങല്ലൂർ	ഛ,ൻവ്വർ	...	...
	മുകുന്ദപുരം	ന്യന്യവ	ൿഛൿ	...
	ഇരിഞ്ഞാലക്കുട	ൿ,വ്വന്നെ	ഛ,ൻന്നന	ൿന
	തലപ്പിള്ളി	വ്യന	ൿ,൦൪൪൦	ൿ,ന്യ൦൭
	ചിറയൂർ	...	...	൭,൦൪൭
(ന)	കൊച്ചി കണയന്നൂർ	ൿൿൻ		
	കൊട്ടങ്ങല്ലൂർ	ൿൻവ്വ		
	മുകുന്ദപുരം	ഛൿ		
	ഇരിഞ്ഞാലക്കുട	ഛൻ൭		
	തലപ്പിള്ളി	വ്യൿന		
	ചിറയൂർ	ൿവ്വർ		
(൪)	കൊച്ചി കണയന്നൂർ	ൿർവ്വ		
	കൊട്ടങ്ങല്ലൂർ	ൿവ്വ൭		
	മുകുന്ദപുരം	൭ൻ		
	ഇരിഞ്ഞാലക്കുട	ർൿൻ		
	തലപ്പിള്ളി	ൿ,൦ൻൿ		
	ചിറയൂർ	നരെ		

(൭) താലൂക്ക്.	റെയിഞ്ച്.	പഴയ സൻസുകാരായ അപേക്ഷക്കാർ.	പുതിയ അപേക്ഷക്കാർ.	താലൂക്കിൽ ആകെ അപേക്ഷക്കാർ.
കൊച്ചി കണയന്നൂർ	എറണാകുളം	൭	ന	ൿർ൦
	തൃപ്പൂണിത്തുറ	ഛന	...	
	മട്ടാഞ്ചേരി	...	...	
	ഞാറക്കൽ	വ്യൻ	ൿവ്വ	
കൊട്ടങ്ങല്ലൂർ	കൊട്ടങ്ങല്ലൂർ	ൿൻവ്വ	ൿന്യ	ഛൿർ
മുകുന്ദപുരം	ഇരിഞ്ഞാലക്കുട	ൿഛ	ൿ൭	നരെ
	ചാലക്കുടി	ൻ	ൿ	
തൃശ്ശിവപേരൂർ	തൃശ്ശിവപേരൂർ	വ്യവ	ഛവ്വ	നന്യ൦
	ഏനാമ്മാക്കൽ	ഛഛ൭	ൿൻ	

LIBRARY ARCHIVES Kerala Legislative Assembly

തലപ്പിള്ളി	വടക്കാഞ്ചേരി	൨൭൩	ർൻ	ൻർ൩
	കുന്ദംകുളം	൭ർ൩	൭ൻ	
	പഴയന്നൂർ	൨ൻ	൬	
ചിറ്റൂർ	ചിറ്റൂർ	ൽൻവ	൭൩	൩ൽ൭
	നെമ്മാറ	൩വ	൨൩	

(൩) താലൂക്ക്. റെയിഞ്ച്. ലൈസൻസു അനുവദിച്ചു കൊടുത്ത പഴയ ലൈസൻസുകാരായ അപേക്ഷക്കാർ. പുതിയ അപേക്ഷക്കാർ.

കൊച്ചി കണയന്നൂർ	എറണാകുളം	൬	...
	തൃപ്പൂണിത്തുറ	൨൩	...
	മട്ടാഞ്ചേരി	...	...
	ഞാറക്കൽ	വൻ	ൽ൩
കൊടുങ്ങല്ലൂർ	കൊടുങ്ങല്ലൂർ	ൽൻവ	
മുകുന്ദപുരം	ഇരിങ്ങാലക്കുട	ൽവ	
	ചാലക്കുടി	ൻ	
തൃശ്ശിവപേരൂർ	തൃശ്ശിവപേരൂർ	വ്വ	
	ഏനാമ്മാക്കൽ	൨൨൭	
തലപ്പിള്ളി	വടക്കാഞ്ചേരി	൨൭൩	
	കുന്ദംകുളം	൭ർ൩	൨
	പഴയന്നൂർ	൨ൻ	
ചിറ്റൂർ	ചിറ്റൂർ	ൽൻവ	ൽ
	നെമ്മാറ	൩വ	

അനുവദിച്ചു കഴിഞ്ഞ ലൈസൻസുള്ളവരുടെ പുതിയ അപേക്ഷകൾ അനുവദിക്കണമോ എന്നതിൽ ഇപ്പോൾ തീരുമാനമൊന്നും ഉണ്ടായിട്ടില്ല.

(൭) റെയിഞ്ച്. പുതിയ ലൈസൻസ്സുകാർ.

എറണാകുളം	...
തൃപ്പൂണിത്തുറ	...
മട്ടാഞ്ചേരി	...
ഞാറക്കൽ	ൽ൩
കൊടുങ്ങല്ലൂർ	ൻ
ഇരിങ്ങാലക്കുട	...
ചാലക്കുടി	...
തൃശ്ശിവപേരൂർ	...

LIBRARY ARCHIVES Kerala Legislative Assembly

ഏനാമ്മാക്കൽ	നു
വടക്കാഞ്ചേരി	വ
കുന്ദംകുളം	ഠ0
പഴയന്നൂര്	നു
ചിറ്റൂർ	ഫവ
നെമ്മാറ	ഫഫ

(വ) ഉണ്ട്. അനുവദിച്ചു കൊടുക്കാത്തതിന്റെ കാരണങ്ങൾ ക്ലിപ്തമായി പറവാൻ സാധിക്കയില്ല. സാധാരണയായി ചെത്തുപരിചയവും യാതൊരു കുറവും ഇല്ലാത്തവക്ക് ലൈസൻസ്സ് അനുവദിക്കാറുണ്ട്.

(ൻ) ഇന്നേവരെ കിട്ടിയ അപേക്ഷകളിൽ ലൈസൻസ്സ് അനുവദിച്ചു കൊടുക്കാത്തവരുടെ റെഞ്ച് വാർ സ്റ്റേറ്റുമെണ്ട്:—

എറണാകുളം	...
തൃപ്പൂണിത്തുറ	...
മട്ടാഞ്ചേരി	...
ഞാറക്കൽ	...
കൊടുങ്ങല്ലൂർ	...
ഇരിങ്ങാലക്കുട	നു
ചാലക്കുടി	...
തൃശ്ശിവപേരൂർ	ഫഫ
ഏനാമ്മാവ്	ഠ
വടക്കാഞ്ചേരി	ഫഫ
കുന്ദംകുളം	വ
പഴയന്നൂർ	ഫ
ചിറ്റൂർ	ഫ
നെമ്മാറ	നു

(ഫ0) ഇല്ല.

(ഫഫ) മേൽ ഉത്തരത്തിനു അടിസ്ഥാനമാക്കി ഈ ചോദ്യത്തിനു ഉത്തരം ആവശ്യമില്ല.

(ഫഠ) ഇല്ല.

(ഫനു) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഫഫഠ-ലേക്കാൾ ഫഫഫ-ൽ ചക്കര ചെത്തു് വളരെ കൂടുതൽ ഉണ്ടായിരുന്നുവെന്നു മറുപടിയിൽ കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ജെ. ജോഞ്ജ് (*Officiating Commissioner of Excise*).— ഇല്ല, കാണുന്നില്ല. കൊല്ലംതോറുംകൂടിയാണ വരുന്നത്. ഇതിൽ ആറുമാസത്തെ കണക്കാണ പറഞ്ഞിരിക്കുന്നത്. ഇനി ആറു മാസത്തെ കണക്ക കക്കടകത്തിലാകുമ്പോഴേ ആകയുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ കൊല്ലം അനവധി ആളുകൾ ചക്കരചെത്തു ലൈസൻസിനുള്ള അപേക്ഷക്കാരുണ്ട്. എന്റെ ഉദ്ദേശം കോവാപ്പറേറിവു് ചില സ്ഥലങ്ങളിൽ ഏർപ്പെടുത്തണമെന്നുള്ളതാണ്. അതുകൊണ്ടു മേലാൽ ചക്കരചെത്തിനുള്ള അപേക്ഷക്കാർ വന്നാൽ അനുവദിച്ചു കൊടുക്കണം.

മിസ്റ്റർ പി. ജെ. ജോർജ്ജ് (*Officiating Commissioner of Excise*).— ഒഫന്റേഴ്സ് വന്നാൽ അനുവദിക്കയില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ (*Chittur Rural.*)— ചക്കരചെത്തു തീരെ നിറുത്തണമെന്നു ഗവമ്മെൻറിനുദ്ദേശമുണ്ടോ?

മിസ്റ്റർ പി. ജെ. ജോഞ്ജ് (*Officiating Commissioner of Excise.*— അങ്ങനെ ഒരു ഉദ്ദേശമില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— പുതിയ അപേക്ഷകളൊന്നും അനുവദിച്ചുകാണാത്തതിന്റെ കാരണമെന്താണ്?

മിസ്റ്റർ പി. ജെ. ജോഞ്ജ് (*Officiating Commissioner of Excise*).— അവർ ഒഫന്റേഴ്സായതുകൊണ്ടായിരിക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— കള്ളുകുടി നിറുത്തുവാനായിട്ട് തക്കതായ യാതൊന്നും ഗവമ്മെൻറു ചെയ്യാത്തതെന്തുകൊണ്ടാണ്?

Regarding the Electrification of the town of Irinjalakkuda.

349. Mr. P. Govinda Menon (*Adur*).—Will the Government be pleased to state.—

(1) whether they have any idea for the electrification of the town of Irinjalakkuda;

(2) whether the Municipality of the locality has moved in the matter?

Mr. T. S. Narayana Ayyar (*Secretary to Government*).—

(1) Yes.

(2) No.

Mr. P. Govinda Menon (*Adur*).— May I know by what date the electrification will take place?

LIBRARY ARCHIVES Kerala Legislative Assembly